"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. അറ്റ- 1/127/2022-ആഭ്യന്തരം.
ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്,
തിരുവനന്തപുരം, തീയതി: 24-02-2025

<u>സർക്കുലർ</u>

വിഷയം:- ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - വിദേശ രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ സേവനങ്ങൾ - വിവാഹമോചനരേഖകൾ അറ്റസ്റ്റ് ചെയ്യുന്നത്- നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 28/05/2021 ലെ അറ്റ-1/38/2020/ആഭ്യന്തരം നമ്പർ പരിപത്രം.

വിദേശ രാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്ന കാര്യത്തിൽ സൂചനയിലെ പരിപത്രം പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് . മേൽ പരിപത്രത്തിലെ ഇനം. (പി) യിൽ വിവാഹമോചനം സംബന്ധിച്ച കോടതി വിധി , വഖഫ് ബോർഡിൽ നിന്നുള്ള വിവാഹമോചനം സംബന്ധിച്ച സർട്ടിഫിക്കറ്റ് എന്നിവ നോട്ടറൈസ് ചെയ്ത ശേഷം അറ്റസ്റ്റ് ചെയ്യുന്നതിന് സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . വിവാഹമോചനത്തിൽ ഉൾപ്പെട്ട ഒരു കക്ഷിയുടെ പേരോ ഒപ്പോ സമ്മതമോ പരാമർശിക്കാതെയും , ഏത് രീതി/സമ്പ്രദായം പ്രകാരമെന്ന് പരാമർശിക്കാതെയും , ഒരു പൊതു രീതി അവലംബിക്കാതെയും ഏകപക്ഷീയമായി നൽകുന്ന ചില എക്സ്ട്രാജുഡീഷ്യൽ വിവാഹമോചന സർട്ടിഫിക്കറ്റുകൾ ആഭ്യന്തര അറ്റസ്റ്റേഷനായി സമർപ്പിക്കപ്പെടാറുണ്ട് .

മുസ്ലീം വ്യക്തിനിയമപ്രകാരം എക്സ്ട്രാ ജുഡീഷ്യൽ വിവാഹമോചനം അംഗീകരിക്കുന്നതിനും വിവാഹത്തിലെ കക്ഷികളുടെ വൈവാഹിക നില പ്രഖ്യാപിക്കുന്നതിനുമായി കുടുംബകോടതി നിയമത്തിന്റെ 7(d) വകുപ്പ് പ്രകാരം സമർപ്പിക്കുന്ന ഹർജിയിൽ കുടുംബ കോടതി പിന്തുടരേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ Asbi K N v Hashim.M.U (OP (FC) No. 476 of 2021) എന്ന കേസിൽ ബഹു. കേരള ഹൈക്കോടതി രൂപപ്പെടുത്തിയിട്ടുണ്ട് .

ഈ സാഹചര്യത്തിൽ ബഹു. കോടതിവിധിയിലെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസൃതമായി കുടുംബ കോടതി endorse ചെയ്ത് ലഭിച്ചിട്ടുള്ള വിവാഹമോചന സാക്ഷ്യപത്രം മറ്റ് രാജ്യങ്ങളിലേക്കായുള്ള ആവശ്യങ്ങൾക്ക് കൊണ്ടു പോകുന്നത് ഇത്തരം രേഖകളുടെ ഉള്ളടക്കം സംബന്ധിച്ച വെരിഫിക്കേഷനുകൾ നടത്തുന്നതിനുള്ള സമയം ലാഭിക്കാൻ സർക്കാരിനു സഹായകമാകുന്നതാണ് .

2. മേൽ സാഹചര്യത്തിൽ സൂചനയിലെ പരിപത്രത്തിലെ ഇനം. (പി) യിൽ ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്ത് പരിഷ്ക്കരിച്ച് ഉത്തരവാകുന്നു.

" **Extra Judicial** വിവാഹമോചനരേഖകൾ അറ്റസ്റ്റേഷനായി ആഭ്യന്തര വകുപ്പിൽ ഹാജരാക്കുമ്പോൾ കുടുംബ കോടതികളുടെ എൻഡോഴ്സ്മെന്റ് വാങ്ങിയിട്ടുള്ള രേഖകൾ കൂടി ഹാജരാക്കുവാൻ അപേക്ഷകർ പരമാവധി ശ്രദ്ധിക്കേണ്ടതാണ്. ഇപ്രകാരം കുടുംബ കോടതികളുടെ എൻഡോഴ്സ്മെന്റ് വാങ്ങിയിട്ടുള്ള പക്ഷം സർക്കാർതല/പോലീസ് തല വെരിഫിക്കേഷൻ നടപടികളിൽ കാലതാമസം ഒഴിവാക്കാനും വെരിഫിക്കേഷൻ നടപടികൾ ലഘൂകരിക്കാനും സാധിക്കുന്നതാണ്. കോടതി എൻഡോഴ്സ്മെന്റ് വാങ്ങിയിട്ടില്ലാതെ സർക്കാരിൽ ഹാജരാക്കുന്ന (ഏകപക്ഷീയമായതോ അല്ലാത്തതോ ആയ) **Extra Judicial** വിവാഹമോചനരേഖകളിൽ അത്തരം രേഖകളിലെ ഉള്ളടക്കങ്ങളുടെ സത്യാവസ്ഥ മതിയായ സംവിധാനം ഉപയോഗിച്ച് പരിശോധിച്ചശേഷം മാത്രം സർക്കാർ ആഭ്യന്തര അറ്റസ്റ്റേഷൻ നടത്തുന്നതായിരിക്കും."

3. മേൽ ഭേദഗതികളോടെ സൂചനയിലെ സർക്കുലർ നിലനിൽക്കുന്നതാണ്.

ഉത്തരവിൻ പ്രകാരം

Signed by
Rajkala. V
സെക്ഷൻ ഓഫീസർ
Date: 25-02-2025 10:57:03

**PRIYA MOL M P**
**JOINT SECRETARY**

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖാന്തിരം)

എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം. ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖാന്തിരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I&PRD, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്ക്ക്